# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.697 　　　　29/05/2019-ൽ മറുപടിക്ക്

## പള്ളുരുത്തി സെക്ഷനോഫീസിന്റെ പരിധിയിലെ വൈദ്യുതി പ്രശ്നങ്ങൾ

| | ചോദ്യം<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | | ഉത്തരം<br>ശ്രീ എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽപ്പെട്ടതും പള്ളുരുത്തി ഇലക്ട്രിക് സെക്ഷനോഫീസിന്റെ പരിധിയിൽ പ്പെട്ടതുമായ കൊച്ചിൻ കോർപ്പറേഷന്റെ 13 മുതൽ 21 വരെ ഡിവിഷനുകളിൽ നിരന്തരം വൈദ്യുതി പോകുന്നതിന് കാരണം എന്തെന്ന് വിശദമാക്കാമോ; | (എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ പ്പെട്ടതും പള്ളുരുത്തി ഇലക്ട്രിക് സെക്ഷനോഫീസിന്റെ പരിധിയിൽപ്പെട്ടതുമായ കൊച്ചിൻ കോർപ്പറേഷനിലെ 13 മുതൽ 21 വരെയുള്ള ഡിവിഷനുകൾ പള്ളുരുത്തി-ഇടക്കൊച്ചി മേഖലയിലാണ്. ശക്തമായ കാറ്റും മഴയും മൂലവും സബ്സ്റ്റേഷനുകളിലും ലൈനുകളിലും ഉണ്ടായ അറ്റകുറ്റ പണികളും സാങ്കേതിക തകരാറുകളും കാരണം വൈദ്യുതി തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) & (സി) | ഈ മേഖലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി പള്ളുരുത്തി സെക്ഷൻ പരിധിയിൽ 16 ട്രാൻസ്ഫോർമറുകൾ കപ്പാസിറ്റി കൂട്ടുകയും 4 എണ്ണം പുതുതായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 10 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. ദ്യുതി-2021 പദ്ധതിയിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് ഐ.പി.ഡി.എസ്, ദ്യുതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 10 കിലോമീറ്റർ കേടായ കണ്ടക്റ്ററുകൾ മാറ്റുക, 20 കിലോമീറ്റർ എ.ബി. കേബിളുകൾ വലിക്കുക, 6 ആർ.എം.യു.സ്ഥാപിക്കുക ലൈനിലെ അറ്റകുറ്റപണികൾ ചെയ്യുക എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തുകയും അവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളെല്ലാം തന്നെ പൊതു ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനാണ് ശ്രമിക്കുന്നത്. |
| (സി) | പ്രസ്തുത നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നിർദ്ദേശം ഏതെന്നും ആയത് നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വ്യക്തമാക്കാമോ; | | |
| (ഡി) | വരുന്ന വർഷകാലവും, സ്ഥലത്തിന്റെ വിസ്തൃതിയും ഉപഭോക്താക്കളുടെ എണ്ണവും കണക്കിലെടുത്ത് പള്ളുരുത്തി ഇലക്ട്രിക് സെക്ഷനോഫീസിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | 24.02.2016- ലെ ഉത്തരവ് പ്രകാരം തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പള്ളുരുത്തി സെഷൻ ഓഫീസും, തോപ്പുംപടി സെഷൻ ഓഫീസും വിഭജിച്ച് ഇടക്കൊച്ചിയിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് ബോർഡ് അനുമതി നൽകി |

| | | | |
|---|---|---|---|
| | | | യിട്ടുണ്ട്. പ്രസ്തുത ബോർഡ് ഉത്തരവു പ്രകാരം ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ചത് പ്രകാരം വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതിനാൽ ഇടക്കൊച്ചിയിൽ പുതിയ സെക്ഷൻ ഓഫീസ് ഇതു വരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 03.05.2019-ൽ എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്ഷൻ ഓഫീസിന് സൗജന്യമായി കച്ചേരിപ്പടിയിലെ മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ കെട്ടിടം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് ഇടക്കൊച്ചി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതും പള്ളുരുത്തി സെക്ഷനോഫീസിന്റെ പരിധിയിലെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതുമാണ്.<br><br>ഇതു കൂടാതെ വർഷകാലത്തിന് മുന്നോടിയായി തന്നെ വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കുന്നതിനായി അതാതു സർക്കിളിനു കീഴിൽ Quick Response Team രൂപീകരിക്കുന്നതിനായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയും, യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | പള്ളുരുത്തി സെക്ഷനോഫീസ് നിലവിലുള്ള കെട്ടിടത്തിൽ നിന്നും മാറുവാൻ അനുവാദം കൊടുത്തിട്ടും പുതിയ കെട്ടിടത്തിനുള്ള ഓഫർ ലഭിച്ചിട്ടും ആയത് മാറാത്തതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഇ) | പുതിയതായി അനുവദിക്കപ്പെട്ടിട്ടുള്ള വാടക കെട്ടിടത്തിൽ സെക്ഷൻ ഓഫീസിന് അനുയോജ്യമായ കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ്, പാർട്ടീഷൻ ജോലികൾ, സ്റ്റോർ മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തീയാകുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിലേയ്ക്ക് മാറുന്നതാണ് |

സെക്ഷൻ ഓഫീസർ